കേരള സർക്കാർ

# കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇകെഎം (പി3)1785/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email :- doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 21/10/2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത്
.

സർ,

വിഷയം : കുഴുപ്പിള്ളി ഗ്രാമപഞ്ചായത്ത് -2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്
.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

. ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

നം.കെ.എസ്.എ.-ഇകെഎം (പി3)1785/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ-0484-2422271
email : doekm.ksad@kerala.gov.in
തീയതി : 21/10/2017

## എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

. എറണാകുളം ജില്ലയിലെ കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 01.11.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, പണം ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.
. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.
. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 25.08.2017 മുതൽ 08.09.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി മിനു.പി.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷഫീക്ക്.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ബബിത .ബി.കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി സിന്ധു രാജേഷ് | 01.04.16 | 18.02.17 |
| | ശ്രീമതി സിന്ധു ബാബു | 19.02.17 | 12.03.17 |
| | ശ്രീമതി രജിത സജീവ് | 13.03.17 | 31.03.17 |
| വൈസ് പ്രസിഡന്റ് | ശ്രീ. എ.എ. അനിൽ | 01.04.16 | 18.02.17 |
| | ശ്രീമതി സിന്ധു ബാബു | 19.02.17 | 12.03.17 |
| | ശ്രീ. കെ.എ. ശിവൻ | 13.03.17 | 31.03.17 |
| സെക്രട്ടറി | ശ്രീമതി എസ്.ലതിക കുമാരി | 01.04.16 | 31.03.17 |

.

നിർവ്വഹണ ഉദ്യോഗസ്ഥർ

.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി ദീപ ടി.ഒ. | 01.04.16 | 31.03.17 |
| മെഡിക്കൽ ഓഫീസർ, ഗവ:ആയുർവ്വേദ ഡിസ്പെൻസറി, എളങ്കുന്നപ്പുഴ | ഡോ. ഷീബ തോമസ് | 01.04.16 | 31.03.17 |
| മെഡിക്കൽ ഓഫീസർ, ഗവ: ഹോമിയോ ഡിസ്പെൻസറി, എടവനക്കാട് | ഡോ. ആർ ശ്രീരാജ് | 01.04.16 | 31.03.17 |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ.സുരേഷ്കുമാർ.പി.ആർ. | 01.04.16 | 31.03.17 |
| വെറ്ററിനറി സർജൻ | ഡോ. സൈറ പി.എ. | 01.04.16 | 31.03.17 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.വിനീത.പി.വി. | 01.04.16 | 31.03.17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ രാജേന്ദ്രൻ ഒ.ബി. | 01.04.16 | 31.03.17 |
| ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി ശാലിനി എം.എം. | 01.04.16 | 31.03.17 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ദേവിശ്രീ ആർ.ടി. | 01.04.16 | 15.06.16 |
| | ശ്രീമതി.അനില രഘുനാഥ് | 16.06.16 | 31.03.17 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി സീന ഷാജു | 01.04.16 | 31.03.17 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി സൂര്യ.പി.എസ്. | 01.04.16 | 24.09.16 |
| | ശ്രീമതി ലീന തോമസ് | 25.09.16 | 31.03.17 |

.

ഉള്ളടക്കം

.


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് | 1-11 |

| | | |
|---|---|---|
| | പദ്ധതി | |
| | ഭാഗം 2 | |
| 12 | വാടക ഈടാക്കിയില്ല | 2-1 |
| 13 | ലേലത്തുക ഒടുക്കിയില്ല | 2-2 |
| 14 | തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-3 |
| 15 | വസ്തുനികുതി-സാംഖ്യ, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല | 2-4 |
| | ഭാഗം 3<br>. | |
| 16 | വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ചെലവഴിച്ച 15608/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. | 3-1 |
| 17 | മരുന്ന് ലഭ്യമാക്കിയില്ല. | 3-2 |
| 18 | വിനിയോഗ സാക്ഷ്യ പത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം 2060519രൂപ | 3-3 |
| 19 | എസ്.സി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോ റിക്ഷ വാങ്ങുന്നതിന് ധനസഹായം - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകി. | 3-4 |
| 20 | സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ധനസഹായം നല്കി-തടസ്സം 25000രൂപ | 3-5 |
| | ഭാഗം 4<br>. | |
| 21 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 24 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം. | 4-9 |
| | അനുബന്ധ പത്രികകൾ<br>. | |
| 30 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം.1 |
| 31 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം.2 |
| 32 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 33 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

# പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 ലെ പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | ₹ 96197086 | ₹ 97835086 (₹8686287/- മുന്നിരിപ്പ് ഉൾപ്പെടെ) |
| വാർഷിക കണക്ക് പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) | ₹25127616 | ₹23185291 |

ഇ.എഫ്.എം.എസ് മുഖേന MGNREGS, B ഫണ്ട് എന്നീ ഇനങ്ങളിലെ വരവ് തുകകൾ, യഥാക്രമം ₹ 12981615/-, ₹ 19575755/- എന്നിവ വരവു ചെലവു പത്രിക പ്രകാരമുള്ള വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇവയുൾപ്പെടെയുള്ള കണക്ക് നോക്കിയാലും ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസമുണ്ടെന്ന് കാണാം. ബജറ്റ് യാഥാർത്ഥ്യബോധത്തോടുകൂടി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

. കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ ധനകാര്യ പത്രിക 15.06.2017 ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ അപാകതകളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

. കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ കണക്കുകളുടെ സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു :-

| | |
|---|---|
| മുന്നിരിപ്പ് | 45,97,603 |
| വരവ് | 2,51,27,616 |
| ആകെ | 2,97,25,219 |
| ചെലവ് | 2,31,85,291 |
| നീക്കിയിരിപ്പ് | 65,39,928 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | വിനിയോഗിച്ച | വിനിയോഗിക്കാതെ | വിനിയോഗ |
|---|---|---|---|---|

| | തുക | തുക | പോയ തുക | ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 5705549 | 5123857 | 581692 | 90 |
| വികസന ഫണ്ട് (എസ്. സി.പി) | 3872985 | 2632904 | 1240081 | 68 |
| വികസന ഫണ്ട് (റ്റി.എസ്. പി) | 10086 | 0 | 10086 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 2396184 | 580203 | 1815981 | 24 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2554755 | 1920512 | 634243 | 75 |
| ധനകാര്യകമ്മീഷൻ അവാർഡ് | 3199847 | 1910440 | 1289407 | 60 |
| ലോക ബാങ്ക് സഹായം | 1427831 | 392048 | 1035783 | 27 |

അലോട്ട്മെന്റ് തുകകൾ പരമാവധി വിനിയോഗിക്കുവാൻ അധികാരികൾ ജാഗ്രത പാലിക്കേണ്ടതാണ്.

## 1-6. പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് ( എണ്ണം) | നടപ്പാക്കാത്തവ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 113 | 27539614 | 54 | 13268085 | 41 | 18 | 47.8 |

നടപ്പിലാക്കിയ പദ്ധതികളുടെ മേഖല തിരിച്ചുള്ള ചെലവ് വിവരം

| മേഖല | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| സേവനം | 19042714 | 11356204 | 60 |
| ഉല്പാദനം | 1962860 | 643976 | 33 |
| പശ്ചാത്തലം | 6534040 | 1267905 | 19 |
| ആകെ | 27539614 | 13268085 | 48 |

ഉല്പാദനം, പശ്ചാത്തലം എന്നീ മേഖലകളിൽ വളരെ ചെറിയ ശതമാനമാണ് ചെലവ് വന്നിട്ടുള്ളത്. അതിൽത്തന്നെ പശ്ചാത്തല മേഖലയിലെ ചെലവ് നാമമാത്രമാണ്. വിഭാവനം ചെയ്യുന്ന പ്രോജക്ടുകളെല്ലാം നടപ്പിലാക്കി എല്ലാ മേഖലകളുടെയും ഉന്നമനത്തിന് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

. ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകളിൽ താഴെ പറയും പ്രകാരം 48.56 ശതമാനം വർദ്ധവുണ്ടായിട്ടുണ്ട്.

.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 17,14,649 | 2102587 | (+) 387938 | 22.64 |
| നികുതിയേതര വരവുകൾ | 9,67,081 | 1864261 | (+) 897180 | 92.77 |
| മറ്റ് വരവുകൾ | 88,733 | 149115 | (+) 60382 | 68.04 |
| ആകെ | 27,70,463 | 4115963 | (+) 1345500 | 48.56 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 69840 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 1860810 | 173 |
| വിധവാപെൻഷൻ | 5970420 | 452 |
| വാർദ്ധക്യകാല പെൻഷൻ | 9632070 | 641 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1431305 | 122 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 681150 | 49 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2017ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,368/-രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.08.2017 | 07/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെഓഡിറ്റ് | 06.11.2006 മുതൽ 18.11.2006 വരെ | 1997-98 മുതൽ 2005-06 വരെ | 30.12.2006 |

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ ലഭിച്ച വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 504 | 4 | 1605 | 2113 | 584 | 584 | 10573 | 82 | 21860 | 32515 | 54 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക ഈടാക്കിയില്ല

. പഞ്ചായത്തിന്റെ അധീനതയിലുള്ള V / 39 നം.മുറി 2016-'17 സാമ്പത്തികവർഷത്തിൽ ശ്രീമതി വെജ്ജമോൾ സുധേശൻ എന്ന ആൾക്ക് പ്രതിമാസവാടകയ്ക്ക് (₹ 938/-)നല്കി . എന്നാൽ വാടകയിനത്തിൽ തുക ഒടുക്കിയിട്ടില്ല . ടി വർഷം ഒടുക്കേണ്ട വാടകയായ 11256/- രൂപയിൽ (938 x 12) നിന്ന് 2015-'16 ൽ അധികമായി ഒടുക്കിയ ₹ 721/- ക്രമീകരിച്ചതിനുശേഷം ലഭിക്കുവാനുള്ള ₹10535/- പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് .

## 2-2 ലേലത്തുക ഒടുക്കിയില്ല

1). പഞ്ചായത്തിന്റെ അധീനതയിലുള്ള ബംബ്ലായിതോടിൽ നിന്നും 2016-'17 സാമ്പത്തികവർഷത്തിൽ മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ശ്രീ രവീന്ദ്രൻ, സ്രാമ്പിക്കൽ എന്ന വ്യക്തി ₹3,10,500/- യ്ക്ക് ലേലം കൊണ്ടിട്ടുള്ളതാണ് . 2017 മാർച്ച് 31 ന് ഒടുക്കുവാൻ ബാക്കിയുണ്ടായിരുന്ന ₹58193/-ൽ ₹17927/- 11.05.17 ൽ രസീത് നം.117020100293 പ്രകാരം ഒടുക്കിയിട്ടുണ്ട്. ബാക്കിതുക ₹40266/-ഒടുക്കുന്നതിന് ലേലക്കാരന് അനുവദിച്ച സമയം കഴിഞ്ഞിട്ടും തുക ലഭിച്ചിട്ടില്ല. ടി തുക പലിശ സഹിതം ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

2). പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മത്സ്യമാർക്കറ്റിന്റെ നടത്തിപ്പ് 2016-'17 സാമ്പത്തികവർഷത്തേക്ക് 13,000/- രൂപയ്ക്ക് ശ്രീ. തമീം, കാഞ്ഞിരപറമ്പിൽ എന്ന ആൾ ലേലം കൊണ്ടു. നിരതദ്രവ്യം, സെക്യൂരിറ്റിഡെപ്പോസിറ്റ്, ഗഡു മുൻകൂർ എന്നീ ഇനങ്ങളിലായി 30.03.'16ൽ യഥാക്രമം ₹1200/- (രസീത് നം. 11502102666 ), ₹2500/- രൂപ (രസീത് നം.11502102667), ₹2500/- രൂപ (രസീത് നം.11502102668) പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ പിന്നീട്

പഞ്ചായത്തിന് ഈയിനത്തിൽ വരവ് ലഭിച്ചിട്ടില്ല. ലേലവരുമാനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഒടുക്കുവാൻ ആവശ്യപ്പെട്ട് 12.07.16, 07.10.16, 16.03.17 തീയതികളിൽ സെക്രട്ടറി കത്തയച്ചുവെങ്കിലും ഒടുക്കിയില്ല. നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ്, മുൻകൂർ അടച്ച തുക തുടങ്ങിയവ കിഴിച്ച് പഞ്ചായത്തിന് ലഭിക്കേണ്ട ₹6800/- ഒടുക്കിയിട്ടില്ലാത്തതിനാൽ ജപ്തി നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

3)മുൻവർഷങ്ങളിൽ ലേലകുടിശിക വരുത്തിയതിനാൽ സ്ഥാപനം ജപ്തി നടപടികൾ ആരംഭിച്ചിട്ടുള്ളതിന്റെ വിവരം താഴെ ചേർക്കുന്നു.

.

| ക്രമ നം. | വ്യക്തി | വർഷം | കുടിശിക |
|---|---|---|---|
| 1 | വ്യാസ് തോമസ്-പരസ്യനികുതി | 2013-'14 | 11200 |
| 2 | ആയത്തുള്ള ഹുമൈനി-മത്സ്യമാർക്കറ്റ് | 2013-'14 | 13000 |
| 3 | അബ്ദുൾ ലത്തീഫ് -മത്സ്യമാർക്കറ്റ് | 2014-'15 | 16466 |
| 4 | ജമാൽ കാഞ്ഞിരപറമ്പ്-മത്സ്യമാർക്കറ്റ് | 2015-'16 | 10500 |
| 5 | മനോജ് കണ്ണാട്ടുപറമ്പിൽ -സാനിട്ടറി കോംപ്ലക്സ് | 2015-'16 | 63666 |

. പഞ്ചായത്ത് ഫണ്ടിലേക്ക് തുകകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-3 തൊഴിൽ നികുതി, ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2016-'17 സാമ്പത്തികവർഷം നിലവിലുണ്ടായിരുന്ന 4327 കെട്ടിടങ്ങളിൽ 369 എണ്ണം വ്യാപാരാവശ്യങ്ങൾക്ക് വേണ്ടി നിർമ്മിക്കപ്പെട്ടവയാണെന്ന് ഓഡിറ്റിൽ ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ കേവലം 130 സ്ഥാപനങ്ങൾ മാത്രമേ വന്നിട്ടുള്ളൂ. ഇത്രയും സ്ഥാപനങ്ങൾ മാത്രമേ ഡി & ഒ ലൈസൻസ് എടുക്കുകയും തൊഴിൽ നികുതി ഒടുക്കുകയും ചെയ്തിട്ടുള്ളൂ. ഇത് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തീരെ കുറഞ്ഞ എണ്ണമാണ്. ഭൂരിഭാഗം സ്ഥാപനങ്ങളും ലൈസൻസ് ഇല്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നവയാണെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. ഈ അപാകതയ്ക്ക് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.3; 30.08.'17) ഹാജരാക്കിയ മറുപടിയിൽ കാലപ്പഴക്കം കാരണം നിലവിൽ പ്രവർത്തിക്കാത്ത കെട്ടിടങ്ങളുണ്ടെന്നും ലൈസൻസിനുള്ള അപേക്ഷകൾ വ്യാപാരവ്യവസായി ഏകോപനസമിതി വഴി ഒരുമിച്ച് സമർപ്പിക്കുന്നതാണെന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടങ്ങൾക്കെല്ലാം ലൈസൻസുണ്ടെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയസോഫ്റ്റ്വെയറിൽ പലവാസഗൃഹകെട്ടിടങ്ങളും വിനിയോഗം മാറി വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങളായി മാറികിടക്കുന്നതും ഒരു

കാരണമായി പറഞ്ഞിട്ടുണ്ട്. സഞ്ചയസോഫ്റ്റ്‌വെയറിന്റെ അപാകത പരിഹരിക്കപ്പെടുന്ന മുറയ്ക്ക് വാണിജ്യ / വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നില്ലെന്നും സ്ഥാപനഉടമകൾ തൊഴിൽനികുതി ഒടുക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 2-4 വസ്തുനികുതി-സാംഖ്യ, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

2016 – '17 സാമ്പത്തികവർഷത്തിലെ സഞ്ചയ പ്രകാരമുള്ള വസ്തു നികുതി തുകകൾ

.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| താമസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി (തൻവർഷം) | 768840 | 424637 | 344203 |
| താമസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി (കുടിശിക) | 616422 | 221931 | 394491 |
| താമസേതരാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(തൻവർഷം) | 585525 | 325402 | 260123 |
| താമസേതരാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(കുടിശിക) | 462018 | 103663 | 358355 |

.

2016-'17 സാമ്പത്തികവർഷത്തിലെ സാംഖ്യ പ്രകാരമുള്ള വസ്തുനികുതി തുകകൾ

.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| താമസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(തൻവർഷം) | 768840 | 799809 | -30969 |
| താമസാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(കുടിശിക) | 616422 | 318133 | 298289 |
| താമസേതരാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(തൻവർഷം) | 585525 | 71018 | 514507 |
| താമസേതരാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നുള്ള നികുതി(കുടിശിക) | 462018 | 31587 | 430431 |

.

. ഡിമാന്റ് തുക 31.03.2017 ലെ ആണ് എടുത്തിരിക്കുന്നത്. സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ 20.12.2016 ലാണ് നടത്തിയത്. ഇന്റഗ്രേഷൻ നടത്തുന്നതിനുമുൻപ് താമസ-താമസേതര കെട്ടിടങ്ങളിൽ നിന്ന് പിരിച്ച തുക ഒരുമിച്ച് എടുത്തിരുന്നതിനാലാണ് കളക്ഷൻ തുകകളിൽ വ്യത്യാസം വരാനിടയായത് എന്ന് അറിയിച്ചിട്ടുണ്ട്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ചെലവഴിച്ച 15608/-

രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

. കുഴപ്പിള്ളി ബീച്ച് സാനിറ്ററി കോംപ്ലക്സ് വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ 13-1-17 ലെ ചെക്ക് നമ്പർ 16299 പ്രകാരം ₹15608/- വാട്ടർ അതോറിറ്റിയ്ക്ക് നൽകിയിട്ടുണ്ട്. 14-15,15-16 സാമ്പത്തിക വർഷം സാനിറ്ററി കോംപ്ലക്സ് ലേലത്തിൽ എടുത്തിരുന്ന യഥാക്രമം ശ്രീ.ബിനിൽകുമാർ, മഠത്തിൽ വീട്, ശ്രീ.മനോജ്, കണ്ണാട്ടുപ്പറമ്പ് എന്നിവർ വാട്ടർ അതോറിറ്റിയിൽ കുടിശ്ശിക വരുത്തിയിരുന്നതാണ് ₹15608/-. എന്നാൽ കുഴപ്പിള്ളി ഗ്രാമ പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം കുടിശ്ശിക തുക അടയ്ക്കുകയാണ് ചെയ്തത്. 2014-15, 15-16, സാമ്പത്തിക വർഷത്തെ പൊതു ലേല നോട്ടീസിൽ [നിബന്ധന (4)ൽ] സാനിറ്ററി കോംപ്ലക്സ് ലേലത്തിൽ എടുക്കുന്നവർ വാട്ടർ ചാർജ്ജ് അടയ്ക്കണം എന്നിരിക്കെ ഗ്രാമ പഞ്ചായത്ത് തുക അടച്ചത് ശരിയായ നടപടിയല്ല. ആയതിനാൽ ഈ ചെലവ് അനുവദിക്കുന്നില്ല. ടി വിഷയം സംബന്ധിച്ച് 7-9-17ൽ നൽകിയ എൻക്വയറി നം 7 ന് ലഭ്യമാക്കിയ മറുപടിയിൽ വാട്ടർ ചാർജ്ജ് കുടിശ്ശിക അടയ്ക്കാനുള്ള ശ്രീ.ബിനിൽ കുമാർ, മനോജ് എന്നിവർക്ക് എതിരെ റവന്യൂ റിക്കവറി നടപടിക്ക് ശുപാർശ ചെയ്തിട്ടുണ്ട് എന്ന് പറയുന്നു. തുക ഈടാക്കി വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-2 മരുന്ന് ലഭ്യമാക്കിയില്ല.

കുഴപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 2016-17ൽ ഹോമിയോ, പി.എച്ച്.സി., ആയുർവേദം എന്നീ മൂന്നു വിഭാഗങ്ങളിലെയും മെഡിക്കൽ ഓഫീസർമാർ നിർവ്വഹണോദ്യോഗസ്ഥ രായി ആശുപത്രിയിലേയ്ക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂറായി നൽകിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും അതത് ഡിസ്പെൻസറികളിലേക്ക് ലഭ്യമായിട്ടില്ല. പ്രോജക്ട് സംബന്ധിച്ച വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നം. | അടങ്കൽ | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവ് രേഖ | ലഭ്യമായത് | ലഭിക്കാൻ ബാക്കി നിൽക്കുന്നത് | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|---|---|
| SO25/17 | 80000 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ബിൽ നം. 01/16-17 | 32530 | 47470 | ഹോംകോ, ആലപ്പുഴ |
| SO02/17 | 600000 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ബിൽ നം. 01/16-17 | 570274 | 29726 | ഔഷധി |
| SO27/17 | 145000 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ബിൽ നം. 06/16-17 | 0 | 145000 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ |

. ലഭിക്കാൻ ബാക്കിനിൽക്കുന്ന മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം 2060519രൂപ

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല -തടസ്സം 2060519രൂപ

| പദ്ധതി നമ്പർ ,പേര്,ബിൽ നം | ചെലവഴിച്ച തുക/ഫണ്ടിനം | വിനിയോഗ സാക്ഷ്യപത്രം നല്കേണ്ട അധികാരി |
|---|---|---|
| 3/17, ഐ.എ.വൈ അധികവിഹിതം നല്കൽ(ജനറൽ),39/16-17,9-3-17 | 20000, പൊതുവിഭാഗം, | ബി.ഡി.ഒ,വൈപ്പിൻ |
| 5/17, ഐ.എ.വൈ അധികവിഹിതം നല്കൽ(എസ്.സി),29/16-17,1-2-17 | 450000, എസ്.സി.പി | ബി.ഡി.ഒ,വൈപ്പിൻ |
| 4/17,എസ്.എസ്.എ വിഹിതം അടവാക്കൽ<br>20/16-17,21-12-16 333600<br>35/16-17,22-2-17 34000 | 367600, പൊതുവിഭാഗം | ജില്ലാപ്രോജക്ട് ഓഫീസർ |
| 18/17,പൊതുടാപ്പുകളുടെവെള്ളക്കരം കുടിശ്ശിക അടവാക്കൽ<br>34/16-17,22-2-17 130572<br>45/16-17,23-2-17 371500<br>33/16-17,22-2-17 20847<br>22/16-17,28-12-16 700000 | 502072, പൊതുവിഭാഗം,<br>20847,ധനകാര്യകമ്മീഷൻ അവാർഡ്<br>700000,റോഡിതരം | അസി.എഞ്ചിനീയർ വാട്ടർ അതോറിറ്റി ,കൊച്ചി |
| ആകെ | 2060519 | |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ മേൽ തുകകൾ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.സി യുവാക്കൾക്ക് സ്വയം തൊഴിലിന് ഓട്ടോ റിക്ഷ വാങ്ങുന്നതിന് ധനസഹായം - സർക്കാർ നിർദ്ദേശം പാലിക്കാതെ തുക നൽകി

പ്രോജക്ട് നം - 67/17

അടങ്കൽ തുക-250000 രൂപ (എസ്.സി.പി ) സബ്സിഡി

ചെലവ് തുക -150000രൂപ ( ബിൽ നം 17,25,29/16-17,17-3-17,28-3-17,31-3-17)

ഗുണഭോക്താക്കൾ- രാജേഷ്, രാഹുൽ, രതീഷ്

ഈ പ്രോജക്ടിന്റെ നടത്തിപ്പിൽ താഴപ്പറയുന്ന അപാകത കാണുന്നു.

ജി.ഒ എം.എസ് 4/16 തസ്വഭവ 11-1-16 ലെ സബ്സിഡി മാർഗ്ഗ രേഖയിലെ 3.7 പ്രകാരം വ്യക്തി / ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾക്ക് ആയി നടപ്പാക്കുന്ന പദ്ധതി ബാങ്ക് വായ്പ ബന്ധിത പദ്ധതി ആയിരിക്കുകയും ബാങ്ക് വായ്പ പാസ്സാക്കുന്ന മുറയ്ക്ക് സബ്സിഡി തുക ബാങ്കിൽ അടയ്ക്കുകയും വേണം എന്നിരിക്കെ ബാങ്കിൽ നിന്ന് വായ്പതുക പാസ്സാക്കുന്നതിന് മുൻപ് മാനേജർ, യൂണിയൻ ബാങ്ക്,എടവനക്കാടിന് ഗുണഭോക്താക്കളുടെ സബ്സിഡി തുകയായ 150000രൂപ (50000 രൂപ വീതം) ട്രാൻസ്ഫർ ചെയ്തു.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ധനസഹായം നല്കി-തടസ്സം 25000രൂപ

പ്രോജക്ടിന്റെ പേര്/ പ്രൊജക്ട് നം : വീട് പുനരുദ്ധാരണം – ജനറൽ 92/17

നിർവ്വഹണോദ്യോഗസ്ഥൻ : VEO

ഫണ്ട് ഇനം : ധനകാര്യ കമ്മീഷൻ അവാർഡ്

ബിൽ നം. : 06/16-17/ ₹ 10000/- തീയതി 02.02.17

10/16-17/ ₹ 15000/- തീയതി 03.03.17

ജി.ഒ.(എം.എസ്)4/16/തസ്വഭവ, 11.1.2016 ലെ സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് വീടിന്റെ അറ്റകുറ്റപണികൾക്ക് കെട്ടിട ഉടമ സമർപ്പിക്കുന്ന എസ്റ്റിമേറ്റിന്റേയും എൽ.എസ്.ജി.ഡി എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ വാല്യുവേഷന്റെയും അടിസ്ഥാനത്തിലായിരിക്കണം വീട് പുനരുദ്ധാരത്തിന് സബ്സിഡി നല്കാവൂ എന്നിരിക്കെ ആയത് പാലിക്കാത്ത ഗുണഭോക്താവിന് (പ്രിയ ദിനിഷ്) വീട് പുനരുദ്ധാരണത്തിന് സബ്സിഡി 25000 രൂപ നല്കി. ടി വിഷയം സംബന്ധിച്ച് 7-9-17 ൽ നല്കിയ എൻക്വയറി നം 14ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ ചെലവുതുക (25000രൂപ )ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 10/17,ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |
| | 3,30,000 | 56/17, വീടുകൾക്ക് ബക്കറ്റ് കമ്പോസ്റ്റ് | 0 | 3,30,000 |
| | 2,97,500 | 57/17, ഗാർഹിക ബയോഗ്യാസ് പ്ലാന്റ് | 0 | 2,97,500 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 10/17, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

| വിഹിതം കൈപ്പറ്റിയ സ്ഥാപനം | നല്കിയ തുക | പ്രൊജ്ക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | 13500 | മൃഗാശുപത്രിക്ക് വാട്ടർ കണക്ഷൻ | 13500 |

| | | | |
|---|---|---|---|
| | 16500 | ദർശന അംഗൻവാടിക്ക് വാട്ടർ കണക്ഷൻ | 16500 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ ഓഡിറ്റ് വർഷത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. മുൻവർഷ റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായി ₹378292/- (30.03.2016 ലെ ബിൽ നമ്പർ 48/15-16 ₹259061, 49/15-16 ₹119231) പ്രകാരം അടവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 31.03.2016ൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹2610228/- ആണ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി.ഒ.(ആർ.ടി) 9520/2010/ ത.സ്വ.ഭ.വ തീ.19.03.2010 | 7545165 | 26,10,228 | 760000 | 0 | 1850228 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹21373/-ടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. ( വരവ് ചെലവ് പത്രിക പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച തുക ₹2625/- ആണ്. ബാക്കിയുള്ള തുകകളിൽ ₹14206/- 350300109 എന്ന ഹെഡ്ഡിലും ₹4542/- 140200101 എന്ന ഹെഡ്ഡിലുമാണ് ചേർത്തിട്ടുള്ളത്.)

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | ഓഡിറ്റ് എൻക്വയറി നൽകിയതിന്റ അടിസ്ഥാനത്തിൽ | 2625 | ശ്രീ. അബ്ദുൾ അസീസ്, ക്ലർക്ക് | 11602400009 തീ. 06.09.2016 |

| | | | | |
|---|---|---|---|---|
| | അടവാക്കിയ തുക | | | |
| | 3-2 | 1478 | ശ്രീമതി. ദേവിശ്രീ, അസി:എഞ്ചിനീയർ | 11602100581 തീ. 07.07.2016 |
| | 3-1 | 5721 | ശ്രീമതി. ദേവിശ്രീ, അസി: എഞ്ചിനീയർ | 11602100579 തീ. 07.07.2016 |
| | 3-1 | 7007 | ശ്രീമതി. ദേവിശ്രീ, അസി: എഞ്ചിനീയർ | 11602100580 തീ. 07.07.2016 |
| | 2-1 | 4542 | ശ്രീമതി. ലതികകുമാരി, സെക്രട്ടറി | 11602102649 തീയ്യതി.18.02.2017 |
| | ആകെ | 21373 | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

കുഴപ്പിള്ളി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ കണക്കുകളുടെ സാമ്പത്തിക വിശകലനം താഴെ കൊടുക്കുന്നു :-

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,51,27,616 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,31,85,291 |
| വരവിനങ്ങളിലുള്ള നഷ്ടം | 57,601 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,608 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20,85,519 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

.

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | വരവുനഷ്ടം | ചെലവുനഷ്ടം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 10,535 | | ശ്രീമതി.എസ്.ലതികകുമാരി, സെക്രട്ടറി, കുഴപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് |
| 2-2(1) | 40,266 | | |

| | | | |
|---|---|---|---|
| 2-2(2) | 6,800 | | |
| 3-1 | | 15,608 | |
| ആകെ | 57,601 | 15,608 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 2060519 | ശ്രീമതി.എസ്.ലതികകുമാരി, സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് |
| 3-5 | 25000 | ശ്രീമതി. ശാലിനി.എം.എം, വി.ഇ.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.എസ്.ലതിക കുമാരി, സെക്രട്ടറി | സെക്രട്ടറി, കുഴുപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് | ഇന്ദീവരം, യു.സി കോളേജ്.പി.ഒ, ഈസ്റ്റ് കടുങ്ങല്ലൂർ |
| ശ്രീമതി. ശാലിനി.എം.എം, വി.ഇ.ഒ. | വി.ഇ.ഒ., കുഴുപ്പിള്ളി ഗ്രാമപ്പഞ്ചായത്ത് | മാരേത്ത് പറമ്പിൽ, കാഞ്ഞിരമറ്റം.പി,ഒ., എറണാകുളം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ /റിപ്പോർട്ടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ(പി3)/1897/13 തീ.30-01-2011 | 2 |
| 1998-99 | എൽ.എഫ്.ഇ(പി3)/1897/13തീ.30-01-2011 | 10 |
| 1999-2000 | എൽ.എഫ്.ഇ(പി3)/1897/13തീ..30-01-2011 | 8 |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ഇ(പി3)/1897/13തീ.30-01-2011 | 3 |
| 2001-02 | എൽ.എഫ്.ഇ(പി3)/761/06 തീ.10-04-2006 | 3 |
| 2002-03 | എൽ.എഫ്.ഇ(പി3)/362/02 തീ.05-12-2005 | 4 |
| 2003-04 | എൽ.എഫ്.ഇ(പി3)/1173/06 തീ.10-01-2007 | 2 |
| 2004-05 | എൽ.എഫ്.ഇ(പി3)/830/09 തീ.06-03-2010 | 1 |
| 2005-06 | എൽ.എഫ്.ഇ(പി3)/138/11 തീ.10-05-2011 | 2 |
| 2006-07 | എൽ.എഫ്.ഇ(പി3)/702/10 തീ.04-08-2010 | 11 |
| 2007-08 | എൽ.എഫ്.ഇ(പി3)/703/10 തീ.28-10-2010 | 19 |
| 2008-09 | എൽ.എഫ്.ഇ(പി3)/1504/12 തീ.13-09-2012 | 11 |
| 2009-10 | എൽ.എഫ്.ഇ(പി3)/728/12 തീ.13-06-2012 | 4 |
| 2010-11 | എൽ.എഫ്.ഇ(പി3)/1504/12 തീ.13-09-2012 | 17 |
| 2011-12 | എൽ.എഫ്.ഇ(പി3)/156/14 തീ.14-11-2014 | 6 |
| 2012-13 | എൽ.എഫ്.ഇ(പി3)/156/14 തീ.14-11-2014 | 6 |
| 2013-14 | എൽ.എഫ്.ഇ(പി3)/913(എ)/15,തീ.08-07-2015 | 5 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം.(പി.3)1108/2016 തീ. 07.07.2016 | 7 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം.(പി.3)2040/2016 തീ. 04.12.2016 | 12 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്,എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇ.കെ.എം(പി3)1785/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271

ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 21/10/2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSA-EKM(P3)1785/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 21/10/2017

Certified that I have audited the Annual Financial Statement of KUZHUPPILLY Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of KUZHUPPILLY Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

.

Deputy Director